# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 385/2022**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ അനവധി യുവതീ-യുവാക്കളും, യുവ കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്ക് അധികമായി കുടിയേറ്റം ചെയ്യുന്ന സാഹചര്യത്തിൽ അവർ എവിടെ ആയിരുന്നാലും, നമ്മുടെ തലമുറകളെ സുവിശേഷ സത്യത്തിലും വിശ്വാസത്തിലും ഉറപ്പിച്ചു നിർത്തുക എന്നുള്ള ചുമതല നമുക്കുണ്ട്. കൂടാതെ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നവർക്ക് ആവശ്യമായ ഇടയശുശ്രൂഷ ലഭിക്കുന്നു എന്ന് ഉറപ്പാക്കുവാനുള്ള ഉത്തരവാദിത്വവും നമുക്കുണ്ട്. നമ്മുടെ യു. കെ - യൂറോപ്പ് - ആഫ്രിക്ക മെത്രാസനം ഒരു *"വൺ പോയിന്റ് കോൺടാക്ട് സംവിധാനത്തിലൂടെ"* വിദേശ രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കുന്ന നമ്മുടെ യുവതലമുറയുടെ വിവര ശേഖരണം നടത്തുന്നുണ്ട്. നമ്മുടെ എല്ലാ ഇടവകകളും നിർബന്ധമായും ഇക്കാര്യത്തിൽ സഹകരിക്കണം. ചുവടെ കൊടുത്തിരിക്കുന്ന ഇ-മെയിൽ, വാട്സ്ആപ്പ് നമ്പറിലേക്ക് വ്യക്തികളായോ ഇടവകകളായോ വിവരങ്ങൾ അയയ്ക്കാവുന്നതാണ്. അതത് രാജ്യങ്ങളിലെ നിയമങ്ങൾ പാലിച്ചുകൊണ്ട് അതീവ ഉത്തരവാദിത്വബോധത്തോടെ നമ്മുടെ മക്കൾ പോയിട്ടുള്ള സ്ഥലങ്ങളുടെ മെത്രാസന കേന്ദ്രങ്ങളിലേക്കോ ചുമതലപ്പെട്ടവർക്കോ ആവശ്യാനുസരണം വിവരങ്ങൾ നൽകുന്നതായിരിക്കും. 'യുവതലമുറയെ അന്വേഷിച്ച് ചെല്ലുന്ന സഭ' എന്ന തലത്തിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. അതിനായി നമുക്ക് ഏവർക്കും പരിശ്രമിക്കാം. ഈ സംരംഭം അതിനുള്ള പ്രാഥമിക പടിയായി തീരട്ടെ.

email id : oassis@mosc.in
Whatsapp Number : +33 695309418

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 നവംബർ മാസം 29-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും